# അമൃതവർഷം70

**കാരുണ്യപ്രവാഹത്തിന്റെ എഴുപതാണ്ടുകൾ**
**(അമ്മയുടെ സപ്തതി ആഘോഷങ്ങൾ)**
**ഒക്ടോബർ 2&3, അമൃതപുരി**

ധന്യാത്മൻ,

ലോകാരാദ്ധ്യയായ അമ്മയുടെ 70-ാം ജന്മദിനം 2023 ഒക്ടോബർ 3, (കൊല്ല വർഷം 1199 കന്നി 17, കാർത്തികനാൾ) ചൊവ്വാഴ്ച ആഘോഷിക്കുകയാണ്. മാനവഹൃദയങ്ങളെ സ്നേഹപാഥേയമൂട്ടിയ ആ ദിവ്യഹസ്തങ്ങൾക്ക് അന്നേക്ക് എഴുപതാണ്ടു തികയുകയാണ്. ഭക്ത്യാദരങ്ങളോടെ ലോകം ഏറ്റുവാങ്ങിയ കാരുണ്യത്തിന്റെ ധന്യമായ മഹാപ്രവാഹത്തിന്റെ തിരുനാൾ വീണ്ടുമിതാ അണഞ്ഞിരിക്കുന്നു.

അമൃത വിശ്വവിദ്യാപീഠം അമൃതപുരി ക്യാമ്പസിൽ തയ്യാറാക്കുന്ന പ്രത്യേക പന്തലിലാണ് ജന്മദിനാഘോഷം നടത്തപ്പെടുന്നത്. പ്രകൃതിസംരക്ഷണം കാലത്തിന്റെ ആവശ്യമെന്ന സന്ദേശവുമായി ഐക്യരാഷ്ട്ര സഭയിലെ 193 രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ അമ്മയുടെ ജന്മദിനാഘോഷത്തിൽ പങ്കെടുക്കാനെത്തുന്നുണ്ട്. അതോടൊപ്പം വിവിധ രംഗങ്ങളിൽ ദേശീയ, അന്തർദ്ദേശീയ തലങ്ങളിൽ കർമ്മശേഷി തെളിയിച്ച പ്രശസ്തവ്യക്തികളും അമ്മയ്ക്ക് തങ്ങളുടെ ആദരവർപ്പിക്കാൻ എത്തിച്ചേരുന്നു. മാതാ അമൃതാനന്ദമയീമഠം ലോകമെമ്പാടുമായി തുടർന്നു വരുന്ന അനവധി സന്നദ്ധ പ്രവർത്തനങ്ങൾ വിപുലമാക്കുന്നതോടൊപ്പം അടുത്ത ഒരു വർഷത്തേയ്ക്കുള്ള സേവനപദ്ധതികൾക്ക് തുടക്കം കുറിക്കുന്നതിനും കൂടിയുള്ള മഹനീയ മുഹൂർത്തമായി കണ്ടാണ് ലോകമെമ്പാടുമുള്ള അമ്മയുടെ മക്കൾ അന്നേ ദിവസം ആഹ്ലാദപൂർവ്വം അമൃതപുരിയിൽ ഒത്തുകൂടാറുള്ളത്.

അമ്മയുടെ ജന്മദിനാഘോഷങ്ങളിൽ പങ്കെടുക്കുവാനും ആ അനുഗ്രഹവർഷത്തിന്റെ അനുഭൂതിയിൽ മുങ്ങിക്കുളിച്ച് ധന്യധന്യരാകുവാനും താങ്കളെയും കുടുംബത്തേയും സുഹൃത്തുക്കളേയും ആദരവോടെ, ആമോദത്തോടെ, അതിരറ്റ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**സ്വാമി അമൃതസ്വരൂപാനന്ദപുരി**
വൈസ് ചെയർമാൻ, മാതാ അമൃതാനന്ദമയീമഠം

लोका: समस्ता: सुखिनो भवन्तु

70 YEARS OF TORRENTIAL GRACE

# കാര്യപരിപാടികൾ

## ഒക്ടോബർ 2 തിങ്കളാഴ്ച

വൈകീട്ട് 5 ന്

**അമ്മ നയിക്കുന്ന ധ്യാനം**

വിശ്വശാന്തി പ്രാർത്ഥന, ഭജന

അമൃത സർവകലാശാലയിലെയും, അമൃത വിദ്യാലയങ്ങളിലെയും വിദ്യാർത്ഥികൾ അവതരിപ്പിക്കുന്ന കലാവിരുന്ന്.

## ഒക്ടോബർ 3, ചൊവ്വാഴ്ച

കാലത്ത് 5 ന്

മഹാഗണപതിഹോമം, ശ്രീ ലളിതാസഹസ്രനാമ അർച്ചന

സത്സംഗം : സ്വാമി അമൃതസ്വരൂപാനന്ദപുരി

**ഗുരുപാദപൂജ, അമ്മയുടെ ജന്മദിനസന്ദേശം**

മഠത്തിന്റെ പുതിയ ജീവകാരുണ്യ പദ്ധതികളുടെ പ്രഖ്യാപനം

അമൃതകീർത്തി പുരസ്കാര പ്രഖ്യാപനവും സമർപ്പണവും

സമൂഹ വിവാഹം, വസ്ത്രവിതരണം

മാതാ അമൃതാനന്ദമയീമഠത്തിന്റെ നേതൃത്വത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെ സ്ത്രീകൾക്കായി ആരംഭിച്ചിരിക്കുന്ന തൊഴിൽ പരിശീലനം പൂർത്തിയാക്കിയ ആദ്യ ബാച്ചിലെ 3000 പേർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം